രക്ഷയുടെ പാതയിൽ-൧



൭

# സഭ ആരാധന സമൂഹം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

പാഠം 6

# വിശുദ്ധകുർബാന

## ഒരുക്കശുശ്രൂഷയും അനാഫൊറയും



## എല്ലാം പൂർത്തിയായിരിക്കുന്നു,

പിതാവേ, അങ്ങയുടെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.





1. ഒരുക്കശുശ്രൂഷ
2. അനാഫൊറ (കൂദാശാകർമ്മം)

# ഒരുക്കശുശ്രൂഷ


❖ ഭൗതിക ഒരുക്കവും ആദ്ധ്യാത്മിക ഒരുക്കവുമുണ്ട്. ബലിവസ്തുക്കളുടെ ഒരുക്കം, അവയുടെ സമർപ്പണം ബലിവസ്തുക്കൾ ശോശാപ്പാകൊു മൂടൽ എന്നിവയാണ് ഭൗതിക ഒരുക്കത്തിലെ ഘടകങ്ങൾ. അയോഗ്യരെ പറഞ്ഞയക്കൽ സാംഷ്ടാംഗപ്രണാമം, കൈകഴുകൽ, വിശ്വാസപ്രമാണം, കാർമികന്റെ മദ്ബഹപ്രവേശനം എന്നീ കർമ്മളാണ് ആദ്ധ്യാത്മിക ഒരുക്കത്തിലുള്ളത്.





## ബലിവസ്തുക്കളുടെ ഒരുക്കം

❖ കാസയും പീലാസയും ധൂപിച്ചു വിശുദ്ധീകരിക്കുകയും അവയിൽ അപ്പവും വീഞ്ഞും തയ്യാറാക്കുകയും ചെയ്യുന്നു.



പടയാളികളിൽ ഒരുവൻ വന്ന്
കർത്താവിന്റെ തിരുവിലാവിൽ
കുന്തംകൊണ്ടു കുത്തി.
ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു
(യോഹ 19:34).

# അയോഗ്യരെ പറഞ്ഞയയ്ക്കൽ

മാമ്മോദീസ സ്വീകരിച്ചിട്ടില്ലാത്തവരെയും, ജീവന്റെ അടയാളം സ്വീകരിക്കാത്തവരെയും, വിശുദ്ധ കുർബാന സ്വീകരിക്കുന്നില്ലാത്തവരെയും, വചനശുശ്രൂഷയ്ക്കുശേഷം പറഞ്ഞയയ്ക്കുന്ന രീതി പുരാതനകാലത്തുണ്ടായിരുന്നു. എത്രമാത്രം ആന്തരിക പരിശുദ്ധിയോടെ വേണം വിശുദ്ധ കുർബാനയ്ക്കണയാൻ എന്ന് ഇതു വ്യക്തമാക്കുന്നു. മാമ്മോദീസയ്ക്കുയോജിച്ച ജീവിതം നയിക്കാത്തവർ സ്വർഗ്ഗീയ ജീവിതത്തിൽ നിന്ന് നിത്യമായി തിരസ്ക്കരിക്കപ്പെടുമെന്നതിന്റെ അടയാളമാണ് ഈ പറഞ്ഞയയ്ക്കൽ.

## സാഷ്ടാംഗപ്രണാമം

റാസക്രമത്തിൽ മാത്രം കാണുന്ന ഈ കർമ്മം സീറോമലാർസഭ യുടെ ഒരു പ്രത്യേകതയാണ്. നിന്നുടെ വൈദികരണിയും നീതി...... എന്നു തുടങ്ങുന്ന ഗീതം കാർമ്മികനും ശുശ്രൂഷിയും ഗായകസം ഘവും മാറിമാറി ആലപിക്കുമ്പോൾ കാർമ്മികൻ ബേമ്മായിൽ വിരിച്ചി രിക്കുന്ന വിരിയുടെ (ശോശപ്പ) നാലുവശങ്ങളിലും മൂന്നു പ്രാവശ്യം വീതം ചുംബിക്കുന്നു. ഈ ഗീതം പുരോഹിതന്റെ പ്രത്യേക സ്ഥാനത്തെ വെളിവാക്കുന്നു; ഒപ്പം പരിശുദ്ധാത്മാവിന്റെ ആവാ സത്താലാണ് അപ്പവും വീഞ്ഞും ഈശോയുടെ തിരുശരീരരക്തങ്ങ ളായി മാറ്റപ്പെടുന്നത് എന്ന് അനുസ്മരിക്കുകയും ചെയ്യുന്നു.


# കൈകഴുകൽ





ദിവ്യരഹസ്യങ്ങളെ ബലിപീഠത്തിലേക്കു സംവഹിക്കുന്നതിനു മുൻപായി കാർമ്മികൻ കൈകഴുകുന്നു. കർത്താവിന്റെ കൃപാസമുദ്രത്തിൽ ആരാധനാസമൂഹം മുഴുവൻ കഴുകി ആദ്ധ്യാത്മികമായി വിശുദ്ധീകരിക്കപ്പെടുന്നതിന്റെ പ്രതീകമാണിത്.

# ബലിവസ്തുക്കളുടെ സമർപ്പണവും ദിവ്യരഹസ്യഗീതവും

സജ്ജമാക്കപ്പെട്ട കാസയും പീലാസയും കൈകളിൽ വഹിച്ച് കാർമ്മികൻ അൾത്താരയിലേക്കു നടത്തുന്ന ഈ പ്രദക്ഷിണം ഈശോയുടെ കാൽവരിയാത്രയെ അനുസ്മരിപ്പിക്കുന്നു. അൾത്താരയിൽ ഈ ദിവ്യരഹസ്യങ്ങളെ കുരിശാകൃതിയിൽ ഉയർത്തുന്നത് അവിടുത്തെ കുരിശുമരണത്തെ സൂചിപ്പിക്കുന്നു. കാസയും പീലാസയും ബലിപീഠത്തിൽവച്ച് കാർമ്മികൻ ശോശപ്പകൊണ്ട് മൂടുന്നു. ഇത് ഈശോയുടെ തിരുശരീരം സംസ്കരിച്ചതിനെ സൂചിപ്പിക്കുന്നു.







## വിശ്വാസപ്രമാണം

- വിശുദ്ധ കുർബാനയുടെ കേന്ദ്രഭാഗമായ അനാഫൊറ യിലേക്കു കടക്കുന്നതിനു മുൻപായി സമൂഹം തങ്ങളുടെ വിശ്വാസാനുഭവം പ്രഖ്യാപിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലും തിരുസഭയിലും സ്വർഗീയ ജീവിതത്തിലുമുള്ള വിശ്വാസമാണ് നാമിവിടെ ഏറ്റുപറയുന്നത്.

## മദ്ബഹപ്രവേശനം


❖ അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ച് ഈശോയുടെ തിരുശരീര രക്തങ്ങളുടെ ബലിയർപ്പിക്കാൻ പാപിയും ബലഹീനനുമായ തന്നെ കാരുണ്യപൂർവ്വം യോഗ്യനാക്കിയതിന് ദൈവത്തിനു നന്ദി പറഞ്ഞു കൊണ്ട് ഈ സമയത്ത് കാർമികൻ പ്രാർത്ഥിക്കുന്നു. ദൈവജന ത്തിന്റെ കടങ്ങളുടെ പൊറുതി, പാപങ്ങളുടെ മോചനം, ആത്മാക്ക ളുടെ രക്ഷ, ലോകം മുഴുവന്റെയും അനുരഞ്ജനം, എല്ലാ സഭകളു ടെയും സമാധാനവും ശാന്തിയും ഇവയ്ക്കെല്ലാം വേണ്ടിയാണ് കാർമികൻ ബലിയർപ്പിക്കുന്നത് എന്ന് ഈ പ്രാർത്ഥന വ്യക്തമാക്കു ന്നു.

## അനാഫൊറ (കൂദാശാകർമ്മം)

❖ വിശുദ്ധ കുർബാനയുടെ കേന്ദ്രഭാഗമാണ് അനാഫൊറ. അനാഫൊറ എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം ഉയർത്തുക, സമർപ്പിക്കുക, എന്നൊക്കെയാണ്. നാലു പ്രാർത്ഥനാവൃത്തങ്ങളാണ് അനാഫൊറയിലുള്ളത്. ഒരു പ്രാർത്ഥനാ വൃത്തത്തിൽ പ്രധാനമായും നാലു ഘടകങ്ങളുണ്ടായിരിക്കും. പ്രാർത്ഥനായാചന, രഹസ്യ പ്രാർത്ഥന (കൂശാപ്പ), പ്രണാമജപം (ഗ്ഹാന്താ പ്രാർത്ഥന), സ്തുതി ഗീതം (കാനോന) ഇവയാണ് ആ നാലു ഘടകങ്ങൾ.

## ഒന്നാം പ്രണാമജപവൃത്തം (ഗ്ഹാന്താവൃത്തം)

❖ പ്രാർത്ഥനായാചന, രഹസ്യപ്രാർത്ഥന, ഒന്നാം പ്രണാമജപം, സ്തുതിപ്പുവരെയുള്ള ഭാഗം എന്നിവ ഒന്നാം പ്രണാമവൃത്തത്തിൽപ്പെടുന്നു. ഒന്നാം പ്രണാമജപത്തിൽ ദൈവം വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങൾക്കു നന്ദി പറയുന്നു.



പ്രാർത്ഥനായാചന
രഹസ്യപ്രാർത്ഥന
ഗ്ഹാന്താ
വൃത്തം
പ്രണാമജപം
സ്തുതി ഗീതം

## പ്രാർത്ഥനായാചന

❖ ദൈവികസാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന ബലിപീഠത്തിലെത്തുന്ന വൈദികൻ തന്റെ അയോഗ്യതയെക്കുറിച്ച് ബോധവാനായി സമൂഹത്തിന്റെ പ്രാർത്ഥനാസഹായം യാചിക്കുന്നു.



## സമാധാനാശംസ

❖ ഈശോയുടെ സമാധാനം നമ്മൾ പരസ്പരം പങ്കുവയ്ക്കുമ്പോൾ ബലിയർപ്പണത്തിനുവേ അവശ്യയോഗ്യതയായ സ്നേഹവും ഐക്യവും നമ്മിലുണ്ടെന്നും ലോകം മുഴുവനിലുള്ള സകലരോടും അനുരഞ്ജനത്തിലാണെന്നും നാം പ്രഖ്യാപിക്കുകയാണ്.

## അനുസ്മരണപ്രാർത്ഥന (ഡിപ്റ്റിക്സ്)

❖ മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും പേരുപറഞ്ഞ് അനുസ്മരിക്കുന്ന വേളയാണിത്. നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം കൂടിയാണിത്.



## ധൂപാർപ്പണം

❖ തുടർന്നുവരുന്ന ധൂപാർപ്പണം പരിശുദ്ധത്രിത്വത്തിന്റെ ബഹുമാനത്തിനും ദൈവത്തെ പ്രസാദിപ്പിക്കാനും ദൈവജനത്തിന്റെ പാപങ്ങളുടെ മോചനത്തിനും വേണ്ടിയുള്ളതാണെന്ന് ആശിർവാദപ്രാർത്ഥന വ്യക്തമാക്കുന്നു.

## സംഭാഷണപ്രാർത്ഥന

- പ്രാർത്ഥനാശംസ പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യവും കൃപയും അനുഭവമാക്കിത്തരുന്നു. അബ്രാഹത്തിന്റെയും.... എന്ന പ്രാർത്ഥന വഴി ദൈവം മരിച്ചവരുടെയല്ല ജീവിക്കുന്നവരുടെ ദൈവമാണ് എന്ന് ഏറ്റുപറയുന്നു.

## രണ്ടാം പ്രണാമജപവൃത്തം

- പരിശുദ്ധമായ ബലിയർപ്പണത്തിനു ചേരാത്ത എല്ലാ തിന്മകളിൽ നിന്നും മനസ്സിനെ വിമുക്തമാക്കി ഈ തിരുകർമ്മം പ്രത്യാശയോടെ അർപ്പിക്കാനുള്ള ആത്മധൈര്യത്തിനായി ഇവിടെ പ്രാർത്ഥിക്കുന്നു.

## പരിശുദ്ധൻ ഗീതം

❖ ഏശയ്യായുടെ ദർശനത്തിലെ സ്രാപ്പേന്മാരുടെ സ്തുതിഗീതം (ഏശയ്യാ 6:3), യോഹന്നാന്റെ വെളിപാടിലെ സ്വർഗീയദർശനം (വെളി.4:8), ഈശോയുടെ ഓർശ്ലേം പ്രവേശനത്തിൽ ജനം ആർത്തു വിളിച്ച ഓശാന (മത്താ.21:9) എന്നീ വിശുദ്ധഗ്രന്ഥഭാഗങ്ങൾ ചേർത്ത് രൂപം കൊടുത്ത സ്തുതിഗീതമാണിത്.



## മൂന്നാം പ്രണാംജപവൃത്തം

❖ ദൈവമേ അങ്ങ് പരിശുദ്ധനാകുന്നു... എന്ന രഹസ്യപ്രാർത്ഥന യോടെ മൂന്നാം പ്രണാമജപവൃത്തം ആരംഭിക്കുന്നു. ഈശോയുടെ മനുഷ്യാവതാരരഹസ്യത്തെ അനുസ്മരിച്ച് നന്ദിപറയുകയാണ് ആദ്യഭാഗത്ത്. സ്ഥാപനവിവരണാനന്തരം തുടരുന്ന രണ്ടാംഭാഗത്ത്, നന്ദി പ്രകാശിപ്പിക്കാൻപോലും സാധ്യമല്ലാത്തവിധം ദൈവം ചൊരിഞ്ഞ അനന്തമായ കൃപയെ ഏറ്റുപറഞ്ഞ് സഭാമാതാവ് ദൈവത്തെ സ്തുതിക്കുന്നു.

## സ്ഥാപനവിവരണം

തിരുവത്താഴവേളയിൽ ഈശോ അപ്പവും വീഞ്ഞും എടുത്ത് ആശീർവദിച്ച് ഇതെന്റെ ശരീരമാകുന്നു, ഇതെന്റെ രക്തമാകുന്നു എന്നു പറഞ്ഞുകൊണ്ട് തന്റെ ശരീരരക്തങ്ങൾ ശിഷ്യർക്കു നല്കിയതിനെയാണ് സ്ഥാപനവിവരണത്തിൽ അനുസ്മരിക്കുന്നത്.



- വിശുദ്ധ കുർബാന എന്ന മഹാരഹസ്യത്തെ ഈശോ സ്ഥാപിച്ച ദിവ്യ നിമിഷങ്ങൾ ഇതിലൂടെ ഓരോ ബലിയിലും നാം അനുസ്മരിക്കുന്നു. അവിടുത്തെ കൽപ്പനയനുസരിച്ചാണ് നാം വിശുദ്ധ കുർബാന ആചരിക്കുന്നതും.

# നാലാം പ്രണാമജപവൃത്തം

❖ കൈവിരിച്ചുപിടിച്ച് കൈകൊണ്ട് കാർമികൻ സഭാധികാരികൾക്കും ഭൗതികാധികാരികൾക്കും ജീവിക്കുന്നവരും മരിച്ചവരുമായ എല്ലാവർക്കും വേണ്ടി മദ്ധ്യസ്ഥ്യം യാചിക്കുന്നു. നാലാം പ്രണാമജപത്തിൽ ദൈവം സഭയിലൂടെ തുടർന്നുകൊണ്ടിരുന്ന വിശുദ്ധീകരണ കർമ്മത്തിനും നന്ദി പറയുന്നു. പരിശുദ്ധ കന്യാമറിയത്തെയും പിതാക്കന്മാരെയും അനുസ്മരിക്കുകയും സമാധാനത്തിനും ശാന്തിക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.



# റൂഹാക്ഷണപ്രാർത്ഥന

❖ ഈശോയെ ഉയർപ്പിച്ച പരിശുദ്ധാത്മവിന്റെ ആവാസത്തോടെ അൽത്താരയിലെ ബലിയും പൂർണ്ണമാക്കപ്പെടുന്നു. സജീവവും പരിശുദ്ധവും..... എന്നു തുടങ്ങുന്ന സ്തുതി ഗീതത്തോടുകൂടി നാലാം പ്രണാമജപവൃത്തവും ഒപ്പം അനാഫൊറയും അവസാനിക്കുന്നു.



# ദൈവവചനം

## വായിക്കാം, ധ്യാനിക്കാം

(ഹെബ്രാ. 10:1-15)



## ഓർമ്മിക്കാൻ ഒരു തിരുവചനം

"അവന്റെ ഇഷ്ടമനുസരിച്ച് ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു

(ഹെബ്രാ.10:10).

# നമുക്കു പ്രാർത്ഥിക്കാം

**വിശുദ്ധ ബലിപീഠത്തിന്മേൽ ഞങ്ങൾക്കായി മുറിക്കപ്പെടുന്ന ദിവ്യകുഞ്ഞാടായ ഈശോയേ, മാലാഖമാരോടൊന്നിച്ച് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പാടി ഞങ്ങളും അങ്ങയെ സ്തുതിക്കുന്നു.**

# എന്റെ തീരുമാനം

**ഈശോയുടെ ബലിയോടു ചേർത്തുകൊണ്ട്**

**എന്റെ ജീവിതത്തെയും ഞാൻ ബലിയായി സമർപ്പിക്കും.**

## സഭാപിതാക്കന്മാർ പറയുന്നത്

**കാസയിൽ വെള്ളം വീഞ്ഞിനോടുകൂടി കലർത്തപ്പെടുമ്പോൾ ആരാധനാസമൂഹവും മിശിഹായോടുകൂടി ഒന്നായിച്ചേരുന്നു. അങ്ങനെ വിശ്വസികളുടെ സമൂഹം മുഴുവൻ ആരിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നുവോ അവനുമായി ഐക്യപ്പെടുന്നു** (വിശുദ്ധ സിപ്രിയാൻ).

Thank you